എടച്ചേരി ഗ്രാമപഞ്ചായത്ത് കാര്യാലയം,
എടച്ചേരി(പി.ഒ),
കോഴിക്കോട്,കേരളം
673502,04962547024
edacherygramapanchayat@gmail.com

സതീശൻ.കെ.വി തീയ്യതി .29.07.23
ഇന്റേണൽ വിജിലൻസ് ഓഫീസർ 4
ജോയിന്റ് ഡയരക്ടർ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
കോഴിക്കോട്

സര്,

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥിരം അദാലത്ത് സംബന്ധിച്ച്

എടച്ചേരി പഞ്ചായത്തിലെ പതിനാലാം വാർഡിലെ 153 നമ്പർ കെട്ടിടത്തിന്റെ നികുതി പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് ശ്രീ.രാജു കുഴിവയലില്, എടച്ചേരി എന്നവർ 20.06.2022 ൽ സമർപ്പിച്ച അപേക്ഷയിൽ നികുതി പുനസ്ഥാപിക്കുന്നതിന് ആയതിന്റെ ആധികാരിക രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് 16.08.2022 ന് ടിയാന് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ടിയാൻ അധിക രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടം 2017-18 സാമ്പത്തിക വർഷത്തിൽ പൊളിച്ചുമാറ്റിയ കെട്ടിടമായാണ് പഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് രേഖകൾ

പ്രകാരം ഈ കെട്ടിടം കാണാരൻ പൊക്കിണൻ, കുഴിവയൽ എന്നവരുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. ശ്രീ രാജുവിന് ഈ കെട്ടിടത്തിൽ അവകാശം സിദ്ധിച്ചതായുള്ള രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. ടിയാൻ കരുതലും കൈതാങ്ങും അദാലത്തിൽ സമാന പരാതി സമർപ്പിക്കുകയും കെട്ടിടത്തിന് ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതായി വാർഡ് ക്ലാർക്ക് റിപ്പോർട്ട് ചെയ്യ്തതിനാൽ നികുതി പുനസ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കുകയില്ലെന്നും ക്രമവത്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം 28.04.22 തിയ്യതിയിൽ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത പരാതി ഇന്റേണൽ വിജിലൻസ് ഓഫീസർ 4, ജോയിൻറ് ഡയരക്ടർ കാര്യാലയം, കോഴിക്കോടിന് കൈമാറുകയും ഇന്റേണൽ വിജിലൻസ് ഓഫീസർ നേർ വിചാരണ 03.07.23 നടത്തുകയും കെട്ടിടം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടുകൂടി പരിശോധിക്കുന്നതിനും പ്രസ്തുത കടമുറിയുടെ വിസ്തീർണ്ണം കണക്കാക്കി പഞ്ചായത്ത് രേഖ പ്രകാരം നിലവിൽ ഉണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തൃതിക്ക് സമാനമാണോ എന്ന് പരിശോധിക്കുന്നതിനം തുടർ നടപടികൾ സ്വീകരിക്കുന്നതിനും 15.07.23 ൽ നിർദ്ദേശം നൽകുകയും ചെയ്യ്തിട്ടുണ്ട് . എന്നാൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർ അവധിയിലും, ട്രാൻസ്ഫറിലും ആയതിനാൽ യഥാസമയം തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പുതിയ ഓവർസിയർ 24.07.2023 തിയ്യതിയിൽ ജോലിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയ്ക്കായി അയക്കുകയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് 29.07.2023 ന് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മുറിയുടെ തറ വിസ്തീർണ്ണം 12.81 ച.മീ ആണെന്നും ഫ്ലോർസ്ലാമ്പ് കോൺക്രീറ്റ് നിർമിതിയാണ് എന്നും സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്യ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ മുകളിലായി 14/153, 14/154 നമ്പർ കെട്ടിടങ്ങളുടെ താഴത്തെ നിലയുടെ അളവുകളിൽ 25.75 ച.മീ ഓട് മേഞ്ഞ മേൽക്കൂരയോട് കൂടിയ ഒന്നാം നില കൂടി ഉള്ളതായും, (ആകെ 38.5 ച.മീ) പ്രസ്തുത കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം പ്രസ്തുത കെട്ടിടത്തിന് മുകൾ നിലയിലെ നിർമ്മാണം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവര പ്രകാരം പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റിയതായി രേഖയുണ്ടെങ്കിലും ആയത് സംബന്ധിച്ച ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ വിവരങ്ങളോ പൊളിച്ചുമാറ്റിയതായുള്ള അപേക്ഷയോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഫീൽഡ്തല പരിശോധനയിൽ പുതിയ നിർമ്മിതിയാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്താൻ സാധിച്ചിച്ചിട്ടില്ല. പ്രാഥമിക പരിശോധനയിൽ പ്രസ്തുത കെട്ടിടം പഴയ നിർമ്മിതിയായിട്ടാണ് കാണപ്പെടുന്നത്. എന്നാൽ മുകൾ നിലയിലെ നിർമ്മാണത്തിന്റെ വിവരങ്ങൾ വസ്തു നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ രേഖ പ്രകാരം 12 ച.മീ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയ കെട്ടിടത്തിന് പകരം 12.81 ച.മീ വിസ്തീർണ്ണവും 25.75 ചമീ ഒന്നാം നിലയും (ആകെ 38.57 ച.മീ) ഓട്മേഞ്ഞ മേൽക്കൂരയുമുള്ള കെട്ടിടത്തിൻ നികുതി ഈടക്കണമെന്നുമാണ് ടിയാന്റെ ആവശ്യമെന്നും ഫീൽഡ്തല അന്വേഷണത്തിൽ വസ്തുനികുതി നിർണ്ണ രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടാത്തതിനാലും പ്രസ്തുത കെട്ടിടത്തിന് അധിക നിർമ്മാണങ്ങൾ നടത്തിയതിനാലുമാണ്, അവകാശം സിദ്ധിച്ചതായി തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാലുമാണ് നികുതി പുനസ്ഥാപിക്കാണമെന്ന ആവശ്യം പരിഗണിക്കാൻ സാധിക്കാതിരുന്നതെന്നും പ്രസ്തുത അപേക്ഷയിൽ മേൽസമിതിയുടെ നിർദ്ദേശങ്ങൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. ഓവർസിയറുടെ റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

ഉള്ളടക്കം:-

1. 16.08.2022 ലെ 400934/PTAL06/GPO/2022/958(2) നമ്പർ കത്ത്
2. 28.04.2023 ലെ 400934/GGDC08/GPO/2023/2712(1)
3. 29.07.2023 ലെ എടച്ചേരി ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ റിപ്പോർട്ട്

വിശ്വസ്തതയോടെ